## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3000 15/12/2015 ൽ മറുപടിക്ക്

## റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവത്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വകുപ്പിന്റെ എല്ലാ സേവനങ്ങളും പൂർണ്ണമായി കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ടോ; വിശദ വിവരം നൽകാമോ; ഇല്ലെങ്കിൽ പൂർണ്ണമായി കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) റവന്യൂ വകുപ്പിലെ എല്ലാ സേവനങ്ങളും പൂർണ്ണമായി കമ്പ്യൂട്ടർവത്കരിച്ചിട്ടില്ല. റവന്യൂ വകുപ്പിൽ നിന്നുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഗുണമേന്മയോടും കൂടി കമ്പ്യൂട്ടർവത്കരണത്തിലൂടെ ലഭ്യമാക്കുക എന്നതാണ് ഇ ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതോടെ പ്രധാനമായും ലക്ഷ്യമിടുന്നത്. അപേക്ഷകന് എപ്പോഴും, എവിടെ നിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കി വരുന്നതും. ഓൺലൈൻ ആയി വില്ലേജാഫീസർക്ക്/തഹസീൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ച ശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു നൽകുന്നു. പദ്ധതി വഴി റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നു. വസ്തുവിന്റെ പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കി വരുന്നത്. പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് ഓൺലൈൻ പോക്കുവരവ് മുഖേന പരിഹരിച്ചു കിട്ടുകയും, |

വില്ലേജ്, റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുന്നില്ല എന്നുറപ്പാക്കുന്നതിനും പോക്കുവരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയ ബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകാതിരിക്കുന്നതിനും ഈ സംവിധാനം ഉതകുന്നതാണ്. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു പ്രധാന ലക്ഷ്യം. സർക്കാർ ഭൂമി സംബന്ധിച്ച രേഖകൾ നൂതന സാങ്കേതിക വിദ്യയുടെ സാധ്യത ഉപയോഗപ്പെടുത്തി കേന്ദ്രീകൃതമായി സൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. സർക്കാർ ഭൂമി കണ്ടെത്തി തിട്ടപ്പെടുത്തുക, ജാഗ്രതയോടെ സംരക്ഷിക്കുക, വിവേകപൂർവ്വം അവയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുക, വികസന പ്രവർത്തനങ്ങൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുക മുതലായവയാണ് മറ്റു പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ജില്ലാ കളക്ടറേറ്റുകളെ ഉദ്ദേശിച്ചുള്ള ഒരു ഫയൽ മാനേജ്മെന്റ് സിസ്റ്റമാണ് ഡി.സി. സ്യൂട്ട്. നാഷണൽ ഇ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ഇ- ഓഫീസ് സംവിധാനം ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും 14 ജില്ലാ കളക്ടറേറ്റുകളിലും 21 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 75 താലൂക്ക് ഓഫീസുകളിലും ഘട്ടം ഘട്ടമായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പിലാകുന്നതോടുകൂടി ടി ഓഫീസുകളിലെ ഫയൽ പ്രോസസിംഗ് പൂർണ്ണമായും ഇലക്ട്രോണിക് രീതിയിലേക്ക് മാറുന്നതാണ്. റവന്യൂ റിക്കവറി സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിൽ തീരുമാനമെടുക്കുന്നതിനും ആർ.ആർ.ഓൺലൈൻ എന്ന സംവിധാനം ഉപയോഗിക്കുന്നു. പൂർണ്ണമായി കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ